പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2465 — 09.03.2018 ന് മറുപടിയ്ക്ക്.

## ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എസ്.ശർമ്മ<br>,, റ്റി.വി.രാജേഷ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, എൻ. വിജയൻ പിള്ള : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിന്റെ നൈപുണ്യ വികസന നയത്തിനനുസൃതമായി സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; | (എ) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ: ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ: ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ ഇന്റർനാഷണൽ ഐ.ടി.ഐ ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് അവ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. പന്ന്യന്നൂർ, പീലിക്കോട്, വെള്ളമുണ്ട, അങ്കമാലി, മയ്യനാട്, വർക്കല, കുറ്റിക്കോൽ എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ ആരംഭിയ്ക്കുമെന്ന് 2018-19 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) നിലവിലുള്ള ഐ.ടി.ഐ.കളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി)<br>**1.ഐ.എസ്.ഒ സർട്ടിഫിക്കേഷൻ**<br>മികച്ച ഗുണമേൻമയും ഫലപ്രാപ്തിയും ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി 34 സർക്കാർ ഐ.ടി.ഐകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. കൂടാതെ |

കോഴിക്കോട് (വനിത) ഐ.ടി.ഐയിൽ പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ 29993-2017 സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

**2 വെർച്ച്വൽ ക്ലാസ് റൂം പദ്ധതി**

സംസ്ഥാനത്തെ 34 ഐ.ടി.ഐകളിൽ വിർച്ച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**3. 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്**

മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷിനിസ്റ്റ് എന്നീ ട്രേഡുകളിലെ തീയറി വിഷയങ്ങൾ, വിവിധ ട്രേഡുകളിലെ എഞ്ചിനീയറിംഗ് ഡ്രോയിംഗ് വിഷയം ഉടങ്ങിയവ 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**4.ഐ.ടി.ഐ വെബ്സൈറ്റ്** വകുപ്പിന് കീഴിലുള്ള 74 സർക്കാർ ഐ.ടി.ഐകൾക്ക് പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്.

**5. പ്രമുഖ വ്യാവസായിക സ്ഥാപനങ്ങളുമായുള്ള സഹകരണം**

ഐ.ടി.ഐകളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ കമ്പനികളുമായി വിവിധ ഐ.ടി.ഐകൾ ധാരണാ പത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

**6. കാലഹരണപ്പെട്ട ട്രേഡുകളുടെ റീവാംമ്പിംഗ്**

ഐ.ടി.ഐകളിൽ നിലവിലുള്ളതും കാലഹരണ പ്പെട്ടതുമായ ട്രേഡുകൾ റീവാമ്പ് ചെയ്ത്. തൊഴിൽ സാധ്യതയുള്ളതും നൂതനവുമായ പുതിയ ട്രേഡുകൾ കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്നുണ്ട്.

| | |
|---|---|
| | **7.പ്ലേസ്മെന്റ് സെൽ**<br>വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐകളിൽ രൂപീകരിച്ചിട്ടുണ്ട്.<br><br>**8. സംരഭകത്വ വികസന ക്ലബ്**<br>വ്യാവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐകളിലും സംരംഭകത്വ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>9. ഐടിഐകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ 7 ഐടിഐകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കളമശ്ശേരി സർക്കാർ ഐടിഐയെ മോഡൽ ഐടിഐ ആയി ഉയർത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കളമശ്ശേരി ഐ.ടി.ഐ.യിൽ കെട്ടിട നിർമ്മാണവും, ഉപകരണ സംഭരണവും നടന്നുവരുന്നു.<br><br>10. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 വനിത ഐ.ടി.ഐകളുടെ പദവി ഉയർത്തുമെന്നും 10 രണ്ടാം ഗ്രേഡ് ഐ.ടി.ഐകളെ ഒന്നാം ഗ്രേഡ് ഐ.ടി.ഐകളാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.ഐകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭി ച്ചിട്ടുണ്ട്. |
| (ഡി) ഐ.ടി.ഐ.കളിൽ തൊഴിൽ സാധ്യതകൾ കുറഞ്ഞ ട്രേഡുകൾ നിർത്ത ലാക്കി പകരം കാലാനുസൃതമായ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ വകുപ്പിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017 വർഷം തൊഴിൽ സാധ്യത കുറഞ്ഞ 129 ട്രേഡു കളിലെ 271 യൂണിറ്റുകൾ നിർത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ 51 ട്രേഡുകളിലായി 271 യൂണിറ്റ് ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ